REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി: 24-09-2026** **സമയം 06.45 AM**

## പ്രധാന വാർത്തകൾ

- സംസ്ഥാനത്ത് സെപ്തംബർ മാസത്തെ ക്ഷേമപെൻഷൻ വിതരണം ഇന്ന് ആരംഭിക്കും.
- ഉന്നത വിദ്യാഭ്യാസ വകുപ്പിൽ കെട്ടിക്കിടക്കുന്ന ഫയലുകൾ തീർപ്പാക്കാൻ പ്രത്യേക 'സർവീസ് ക്ലിനിക്ക്' ആരംഭിച്ചു.
- പ്രമുഖ സാംസ്കാരിക-നാടക പ്രവർത്തകനും സംഗീത നാടക അക്കാദമി മുൻ ചെയർമാനുമായ സൂര്യ കൃഷ്ണമൂർത്തി അന്തരിച്ചു.
- സംസ്ഥാനത്ത് ഇന്ന് വടക്കൻ ജില്ലകളിൽ ശക്തമായ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്രകാലാവസ്ഥാ വകുപ്പ്.
- ഏഷ്യൻ ഗെയിംസിൽ തുഴച്ചിലിൽ പുരുഷന്മാരുടെ ഡബിൾ സ്കൾസ് ഇനത്തിൽ ഇന്ത്യക്ക് വെങ്കലം.

## വാർത്തകൾ വിശദമായി

സംസ്ഥാനത്ത് സെപ്തംബർ മാസത്തെ ക്ഷേമപെൻഷൻ വിതരണം ഇന്ന് ആരംഭിക്കും. ഇതിന് സംസ്ഥാന ഗവണ്മെന്റ് 1,068 കോടി രൂപ അനുവദിച്ചതായി മുഖ്യമന്ത്രി VD സതീശൻ അറിയിച്ചു. ക്ഷേമപെൻഷൻ വിതരണത്തിന് 957 കോടി 93 ലക്ഷം രൂപയും, ക്ഷേമനിധി ബോർഡ് വഴി പെൻഷൻ വിതരണത്തിന് 110 കോടി 86 ലക്ഷം രൂപയുമാണ് അനുവദിച്ചത്. ഓരോ മാസവും പെൻഷൻ തുക യാഥാസമയത്ത് ഗുണഭോക്താക്കളിലെത്തിക്കുക എന്നത് UDF ഗവണ്മെന്റിന്റെ നയത്തിന്റെ ഭാഗമാണെന്ന് മുഖ്യമന്ത്രി തിരുവനന്തപുരത്ത് പറഞ്ഞു.

ESA വിഷയത്തിൽ ജനവാസ കേന്ദ്രങ്ങളും CHR പ്രദേശങ്ങളും പൂർണ്ണമായും ഒഴിവാക്കി നിർദ്ദേശങ്ങൾ സംസ്ഥാനം കേന്ദ്ര ഗവണ്മെന്റിന് സമർപ്പിക്കുമെന്നും മുഖ്യമന്ത്രി അറിയിച്ചു. 8,590 ചതുരശ്ര കിലോമീറ്റർ പരിധിയിൽ 98 വില്ലേജുകൾ എന്ന നിലപാടിൽ മാറ്റമില്ലെന്നും, ഇത് സംബന്ധിച്ച് മുഖ്യമന്ത്രിതലത്തിൽ ചർച്ചകൾ തുടരുകയാണെന്നും VD സതീശൻ വ്യക്തമാക്കി.

✪✪✪

ഉന്നത വിദ്യാഭ്യാസ വകുപ്പിൽ കെട്ടിക്കിടക്കുന്ന സർവീസ് സംബന്ധമായ പരാതികളും ഫയലുകളും വേഗത്തിൽ തീർപ്പാക്കുന്നതിന് പ്രത്യേക 'സർവീസ് ക്ലിനിക്ക്' ആരംഭിച്ചു. സെക്രട്ടറിയേറ്റ് അനക്സ് ലയം ഹാളിൽ മന്ത്രി റോജി എം. ജോൺ സർവീസ് ക്ലിനിക്ക് ഉദ്ഘാടനം ചെയ്തു. വകുപ്പിലെ ജീവനക്കാരുടെ സർവീസ് പ്രശ്നങ്ങൾക്ക് പരിഹാരം കാണുകയാണ് ക്ലിനിക്കിലൂടെ ലക്ഷ്യമിടുന്നതെന്ന് മന്ത്രി വ്യക്തമാക്കി.

ഉന്നത വിദ്യാഭ്യാസ വകുപ്പിൽ മാത്രം ആയിരക്കണക്കിന് ഫയലുകളാണ് വർഷങ്ങളായി കെട്ടിക്കിടക്കുന്നത്. ഇന്നലെ 32 ഓളം ഫയലുകൾ പരിശോധിച്ച് പരമാവധി തീർപ്പാക്കി.

✪✪✪

പ്രമുഖ സാംസ്കാരിക-നാടക പ്രവർത്തകനും സംഗീത നാടക അക്കാദമി മുൻ ചെയർമാനുമായ സൂര്യ കൃഷ്ണമൂർത്തി അന്തരിച്ചു. 78 വയസായിരുന്നു. തിരുവനന്തപുരത്തെ സ്വകാര്യ ആശുപത്രിയിലായിരുന്നു അന്ത്യം. ശ്വാസകോശ സംബന്ധമായ രോഗത്തെ തുടർന്ന് ചികിത്സയിലായിരുന്നു.

ദക്ഷിണേന്ത്യയിലെ ഏറ്റവും വലിയ സാംസ്കാരിക കൂട്ടായ്മയായ 'സൂര്യ' സ്റ്റേജ് ആന്റ് ഫിലിം സൊസൈറ്റിയുടെ സ്ഥാപക അമരക്കാരനാണ് സൂര്യ കൃഷ്ണമൂർത്തി.അടുത്ത മാസം ഒന്നിന് ഈ വർഷത്തെ സൂര്യ ഫെസ്റ്റിവൽ നടക്കാനിരിക്കെയാണ് അദ്ദേഹത്തിന്റെ വിയോഗം.

നാടകരചയിതാവ്, സാംസ്കാരിക നായകൻ, കലാ സംഘാടകൻ തുടങ്ങി വ്യത്യസ്ത നിലകളിൽ വ്യക്തിമുദ്ര പതിപ്പിച്ച സൂര്യ കൃഷ്ണ മൂർത്തിയെ സംസ്ഥാന ഗവണ്മെന്റ് 2023-ൽ സിവിലിയൻ ബഹുമതിയായ കേരളപ്രഭ നൽകി ആദരിച്ചു. മൂന്നുതവണ സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന്റെ ഡയറക്ടറായി.

ഡെസ്ക്ക് റിപ്പോർട്ട്

.......(വോയ്സ്)......

ISRO യിൽ സീനിയർ സൈന്റിസ്റ്റായിരുന്ന സര്യ കൃഷ്ണമൂർത്തി ഔദ്യോഗിക ജീവിതത്തിനുശേഷം മുഴുവൻ സമയവും കലാരംഗത്തിന് സ്വയം സമർപ്പിക്കുകയായിരുന്നു. കേന്ദ്ര -കേരള സംഗീത നാടക അക്കാദമി പുരസ്കാരങ്ങൾ ലഭിച്ച അദ്ദേഹത്തിന്റെ വിയോഗം കലാ- സാംസ്കാരിക കേരളത്തിന് വലിയ നഷ്ടമാണ്.

സൂര്യ കൃഷ്ണമൂർത്തിയുടെ ഭൗതിക ദേഹം തിരുവനന്തപുരം തൈക്കാട്ടെ വസതിയിൽ എത്തിച്ചു. രാവിലെ മുതൽ വസതിയിൽ പൊതുദർശനമുണ്ടാകും. നാളെ വൈകിട്ട് തൈക്കാട് ശാന്തി കവാടത്തിലാണ് സംസ്കാരം.

സൂര്യകൃഷ്ണമൂർത്തിയുടെ നിര്യാണത്തിൽ ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ അഗാധമായ ദുഃഖം രേഖപ്പെടുത്തി. കലയുടെ വിവിധ മേഖലകളെ ഒരേ വേദിയിൽ അണിനിരത്തി സാംസ്കാരിക ജീവിതത്തിന് പുതിയ ദിശ നൽകിയ വ്യക്തിയായിരുന്നു സൂര്യകൃഷ്ണമൂർത്തിയെന്ന് ഗവർണർ അനുശോചന സന്ദേശത്തിൽ പറഞ്ഞു.

സൂര്യ കൃഷ്ണമൂർത്തിയുടെ നിര്യാണത്തിൽ മുഖ്യമന്ത്രി വി.ഡി സതീശനും അനുശോചിച്ചു. കേരളത്തിന്റെ സാംസ്കാരിക ഭൂപടത്തെ ലോകത്തിന്റെ നെറുകയിൽ പ്രതിഷ്ഠിച്ച ബഹുമുഖ പ്രതിഭയായിരുന്നു കൃഷ്ണമൂർത്തിയെന്ന് മുഖ്യമന്ത്രി അനുശോചന സന്ദേശത്തിൽ പറഞ്ഞു.

അതുല്യനായ കലാസംഘാടകനെയാണ് സൂര്യ കൃഷ്ണമൂർത്തിയുടെ വിയോഗത്തോടെ കേരളത്തിനു നഷ്ടമായതെന്ന് പ്രതിപക്ഷ നേതാവ് പിണറായി വിജയനും അനുശോചന സന്ദേശത്തിൽ അറിയിച്ചു.

മന്ത്രിമാരായ രമേശ് ചെന്നിത്തല, പി. സി വിഷ്ണുനാഥ്, കെ മുരളീധരൻ , സണ്ണി ജോസഫ്, എം ലിജു, BJP സംസ്ഥാന പ്രസിഡണ്ട് രാജീവ് ചന്ദ്രശേഖർ തുടങ്ങിയവരും സൂര്യ കൃഷ്ണമൂർത്തിയുടെ വിയോഗത്തിൽ അനുശോചിച്ചു.

✪✪✪

കോഴിക്കോട്ട് ഇന്നലെ അന്തരിച്ച ചലചിത്ര- നാടക നടി സാവിത്രിശ്രീധരന് നാട് യാത്രാമൊഴി നൽകി. ഔദ്യോഗിക ചടങ്ങുകൾക്കും പൊതുദർശനത്തിനും ശേഷം മൃതദേഹം മാങ്കാവിലെ മാനാരി ശ്മശാനത്തിൽ സംസ്കരിച്ചു.

ടൗൺഹാളിൽ മുഖ്യമന്ത്രിക്ക് വേണ്ടി ജില്ലാ കലക്ടർ MS മാധവി കുട്ടി റീത്ത് സമർപ്പിച്ചു.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദി പൊതുസേവനത്തിൽ 25 വർഷം പൂർത്തിയാക്കുന്നു. ജൻ സേവാ ദേശ് സേവാ എന്ന ദർശനത്താൽ ജീവിതം തുടരുന്ന അദ്ദേഹത്തിന്റെ നേതൃത്വത്തിൽ കേന്ദ്രഗവൺമെന്റ് 2047 ഓടെ വികസിതഭാരതം എന്ന ലക്ഷ്യം കൈവരിക്കാൻ നിരന്തരം പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്.

ഇതോടനുബന്ധിച്ച് സേവാ സങ്കൽപ്പ് അഭിയാൻ എന്ന പ്രത്യേക പരിപാടിയിൽ ഹിമാചലിലെ ജൽ ജീവൻ മിഷനെ കുറിച്ച് ആകാശവാണി തയ്യാറാക്കിയ റിപ്പോർട്ട് ....

.......(വോയ്സ്).....

രാജ്യത്തെ വിദൂരഗ്രാമങ്ങളിൽ താമസിക്കുന്നവർക്ക് പൈപ്പ് വഴി കുടിവെള്ളം എത്തിക്കുന്നതിന് കേന്ദ്രഗവൺമെന്റ് 2019 ലാണ് ജൽ ജീവൻ പദ്ധതി നടപ്പാക്കിയത്. ഭൂമിശാസ്ത്രപരമായി ഒട്ടേറെ പ്രത്യേകതകളുണ്ട് ഹിമാചൽ പ്രാദേശിന്. ശുദ്ധമായ കുടിവെള്ളം ലഭിക്കാൻ ബുദ്ധിമുട്ടേറിയ സ്ഥലമാണ്. എന്നാൽ പദ്ധതി വന്നതോടെ കുടിവെള്ളം എല്ലാ ഗ്രാമങ്ങളിലും ലഭിക്കുന്ന മലയോര സംസ്ഥാനമായി ഹിമാചൽ മാറി. ഏകദേശം 17 ലക്ഷത്തി ഒമ്പതിനായിരം ഗ്രാമീണ കുടുംബങ്ങൾക്ക് പൈപ്പ് വഴി ശുദ്ധജലമെത്തിക്കാൻ കഴിഞ്ഞിട്ടുണ്ട്. കൂടാതെ ജൽജീവൻ മിഷന്റെ വ്യവസ്ഥകളനുസരിച്ച് ഒരാൾക്ക് പ്രതിദിനം 55 ലിറ്റർ ശുദ്ധമായ കുടിവെള്ളം ലഭിക്കുന്നുണ്ടെന്ന് ഷിംല ജില്ലയിലെ ബദൈ ഗ്രാമത്തിലെ താമസക്കാരിയായ മമത ആകാശവാണിയോട് പറഞ്ഞു.

✪✪✪

ഒമാന്റെ കിഴക്കൻ തീരത്ത് 'എംവി കേപ് ഡാവോ' വാണിജ്യ കപ്പലിനു നേരെയുണ്ടായ ആക്രമണത്തെ ഇന്ത്യ അപലപിച്ചു. കപ്പലിലുണ്ടായിരുന്ന 20 ഇന്ത്യൻ നാവികരിൽ ഒരാൾ കൊല്ലപ്പെട്ടതായും 19 പേരെ രക്ഷപ്പെടുത്തിയതായും വിദേശകാര്യമന്ത്രാലയം അറിയിച്ചു.

ഒമാനിലെ ഇന്ത്യൻ എംബസി സാഹചര്യം സൂക്ഷ്മമായി നിരീക്ഷിച്ചുവരികയാണെന്നും, ഇന്ത്യൻ നാവികരെ എത്രയും വേഗം നാട്ടിലെത്തിക്കുന്നതിന് ഒമാനുമായി ചേർന്ന് സജീവമായി പ്രവർത്തിക്കുന്നുണ്ടെന്നും മന്ത്രാലയം വ്യക്തമാക്കി. ഒമാൻ ഭരണകൂടത്തിന്റെ സഹകരണത്തിന് മന്ത്രാലയം നന്ദി അറിയിച്ചു.

ഈ മേഖലയിൽ വാണിജ്യ കപ്പലുകൾക്ക് നേരെയുണ്ടാകുന്ന തുടർച്ചയായ ആക്രമണങ്ങൾ അതീവ ആശങ്കാജനകമാണെന്ന് മന്ത്രാലയം വിലയിരുത്തി.

✪✪✪

CMRL എക്സാലോജിക് ഇടപാടിൽ ED ശുപാർശയിൽ പ്രതിപക്ഷ നേതാവ് പിണറായി വിജയൻ, മുഹമ്മദ് റിയാസ് MLA, ഭാര്യ T വീണ എന്നിവർക്ക് എതിരായ അന്വേഷണത്തിന് സംസ്ഥാന ഗവണ്മെന്റ് പ്രത്യേക അന്വേഷക സംഘം രൂപീകരിച്ചു. ക്രൈം ബ്രാഞ്ച് ADGP H.വെങ്കിടേഷിന്റെ മേൽനോട്ടത്തിലാണ് അന്വേഷണം. ക്രൈംബ്രാഞ്ച് SP വിക്രമൻ ആണ് അന്വേഷണ ഉദ്യോഗസ്ഥൻ. പ്രാഥമിക അന്വേഷണം 30 ദിവസത്തിനുള്ളിൽ പൂർത്തിയാക്കാനാണ് ഗവണ്മെന്റ് നിർദേശം.

✪✪✪

ബാങ്ക് ജീവനക്കാരുടെ സംഘടനകൾ സംയുക്തമായി ¬ ഈ മാസം 28 മുതൽ 30 വരെ പ്രഖ്യാപിച്ച ദേശീയ ബാങ്ക് പണിമുടക്ക് കണക്കിലെടുത്ത് 27-ാം തീയതി ബാങ്കുകൾ സാധാരണ നിലയിൽ പ്രവർത്തിക്കുമെന്ന് കേന്ദ്ര ഗവണ്മെന്റ് അറിയിച്ചു. എല്ലാ പൊതുമേഖലാ ബാങ്കുകളും റീജിയണൽ റൂറൽ ബാങ്കുകളും ഞായറാഴ്ച തുറന്ന് പ്രവർത്തിക്കും.

പണിമുടക്ക് മാറ്റിവെക്കാൻ കേന്ദ്രഗവണ്മെന്റും ബാങ്ക് മാനേജ്മെന്റുകളും, യൂണിയനുകളോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

✪✪✪

മൂന്നു ദിവസത്തെ അഖിലേന്ത്യാ ബാങ്ക് പണിമുടക്കിനെത്തുടർന്ന് ബാങ്കിങ് ഇടപാടുകൾ തടസ്സപ്പെടാൻ സാധ്യത കണക്കിലെടുത്ത് കേന്ദ്രഗവണ്മമെന്റ് ജീവനക്കാരുടെ ഈ മാസത്തെ ശമ്പളവും വേതനവും പെൻഷനും വെള്ളിയാഴ്ച തന്നെ വിതരണം ചെയ്യാൻ തീരുമാനിച്ചതായി ഗവൺമെന്റ് അറിയിച്ചു. കൺട്രോളർ ജനറൽ ഓഫ് അക്കൗണ്ട്സിന്റെ അനുമതിയോടെയാണ് തീരുമാനം. ബന്ധപ്പെട്ട മന്ത്രാലയങ്ങളും വകുപ്പുകളും ഈ നിർദേശം അതത് ഓഫീസുകളുടെ ശ്രദ്ധയിപ്പെടുത്തി ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും കേന്ദ്ര ഗവൺമെന്റ് നിർദ്ദേശിച്ചു.

✪✪✪

സംസ്ഥാനത്ത് ഇന്ന് വടക്കൻ ജില്ലകളിൽ ശക്തമായ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്രകാലാവസ്ഥാ വകുപ്പ് അറിയിച്ചു. ഇന്ന് മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട്.

കേരളം - കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ മണിക്കൂറിൽ 55 കിലോമീറ്റർ വരെ വേഗത്തിൽ കാറ്റിന് സാധ്യതയുണ്ടെന്നും മീൻ പിടുത്തക്കാർ കടലിൽ പോകരുതെന്നും കാലാവസ്ഥാ വകുപ്പ് നിർദ്ദേശിച്ചു.

✪✪✪

ഇന്ന് ലോക മാരിടൈം ദിനം. അന്താരാഷ്ട്ര സമുദ്ര സംഘടനയുടെ ആഭിമുഖ്യത്തിൽ സെപ്റ്റംബർ മാസത്തെ അവസാന വ്യാഴാഴ്ചയാണ് ദിനം ആചരിക്കുന്നത്. നയങ്ങളിൽ നിന്ന് പ്രവൃത്തിയിലേക്ക്: മാരിടൈം മികവ് ശക്തിപ്പെടുത്തുന്നു എന്നതാണ് 2026-27 വർഷങ്ങളിലെ പ്രമേയം.

സംസ്ഥാന ഗവണ്മെന്റിന്റെ നേതൃത്വത്തിൽ ഇന്ന് എറണാകുളത്ത് ദിനം സമഗ്രമായി ആഘോഷിക്കും.

✪✪✪

ജപ്പാനിലെ ഐച്ചി-നഗോയയിൽ ഏഷ്യൻ ഗെയിംസിന്റെ അഞ്ചാം ദിവസം ഇന്ത്യക്ക് വിജയത്തുടക്കം. രാവിലെ  തുഴച്ചിലിൽ പുരുഷന്മാരുടെ ഡബിൾ സ്കൾസ് ഇനത്തിൽ സതം സിംഗും, സൽമാൻ ഖാനും വെങ്കല മെഡൽ സ്വന്തമാക്കി. എന്നാൽ പുരുഷന്മാരുടെ സിംഗിൾ സ്കൾസ് ഫൈനലിൽ ഇന്ത്യയുടെ ബൽരാജ് പൻവാറിന് മെഡൽ നഷ്ടമായി.

വനിതകളുടെ 60 കിലോ വുഷു ഫൈനലിൽ റോഷിബിന ദേവി ചൈനയുടെ ഷാങ് സിയാ-വോയുവിനെ നേരിടുകയാണ്.

✪✪✪

ജപ്പാനിലെ ഐച്ചി-നഗോയയിൽ ഏഷ്യൻ ഗെയിംസിന്റെ അഞ്ചാം ദിവസം ഇന്ത്യക്ക് വിജയത്തുടക്കം. രാവിലെ  തുഴച്ചിലിൽ പുരുഷന്മാരുടെ ഡബിൾ സ്കൾസ് ഇനത്തിൽ സതം സിംഗും, സൽമാൻ ഖാനും വെങ്കല മെഡൽ സ്വന്തമാക്കി. എന്നാൽ പുരുഷന്മാരുടെ സിംഗിൾ സ്കൾസ് ഫൈനലിൽ ഇന്ത്യയുടെ ബൽരാജ് പൻവാറിന് മെഡൽ നഷ്ടമായി.

വനിതകളുടെ 60 കിലോ വുഷു ഫൈനലിൽ റോഷിബിന ദേവി ചൈനയുടെ ഷാങ് സിയാ-വോയുവിനെ നേരിടുകയാണ്.

✪✪✪

ഏഷ്യൻ ഗെയിംസിൽ മികച്ച പ്രകടനം കാഴ്ചവെച്ച പുരുഷ ബാഡ്മിന്റൺ ടീമിനെ ആഭ്യന്തരമന്ത്രി അമിത് ഷാ അഭിനന്ദിച്ചു. രാജ്യത്തിന്റെ അഭിമാനം ഉയർത്തിയതിന് ടീമിനെ അഭിനന്ദിച്ച അദ്ദേഹം, അവരുടെ ഭാവി പ്രവർത്തനങ്ങൾക്ക് ആശംസ നേർന്നു.

✪✪✪

കൊച്ചി കലൂർ സ്റ്റേഡിയത്തിൽ  'റിട്ടേൺ ഓഫ് ദി ടൈറ്റൻസ്' ഫുട്ബോൾ പ്രദർശന മത്സരത്തിൽ ഇന്ത്യ ഓൾ സ്റ്റാർസിനെ  ബ്രസീൽ ലെജൻഡ്സ് മൂന്നിനെതിരെ നാല് ഗോളുകൾക്ക് തോൽപ്പിച്ചു.  ഫെർണാണ്ടീന്യോ നേടിയ തകർപ്പൻ ഹാട്രിക്കും വിഖ്യാത താരം റൊണാൾഡീന്യോയുടെ പെനാൽറ്റി

ഗോളുമാണ് ബ്രസീലിന് വിജയം സമ്മാനിച്ചത്. ഇന്ത്യക്കായി ഇരട്ട ഗോളുകളോടെ മലയാളി താരം C.K വിനീതും അവസാന നിമിഷങ്ങളിൽ അഷിം ബിശ്വാസും തിളങ്ങിയെങ്കിലും ജയം ബ്രസീലിനൊപ്പമായിരുന്നു.

✪✪✪

തെരഞ്ഞെടുപ്പ് നടപടിക്രമങ്ങൾ കാലാനുസൃതമായി ആധുനീകരിക്കുന്നതിന് നടപടികൾ പരിഗണനയിലാണെന്ന് മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസർ ഡോ. D സജിത് ബാബു കാസർകോട്ട് പറഞ്ഞു.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി കാസർഗോഡ് ജില്ലാ പ്രതിനിധി P ജഗന്നിവാസൻ.

(വോയ്സ് .........)

✪✪✪

സംസ്ഥാനത്തെ 38 തദ്ദേശഭരണ വാർഡുകളിലേക്ക് ഉപതിരഞ്ഞെടുപ്പ് ഈ മാസം 28 ന് നടത്തും. രാവിലെ ഏഴ് മുതൽ വൈകിട്ട് ആറു വരെയാണ് വോട്ടെടുപ്പ്. ചൊവ്വാഴ്ചയാണ് ഫലപ്രഖ്യാപനം.

✪✪✪

---

***News Editor & News Reader: വി കെ സുരേഷ്***
***News Team: ഫസ്ന ഫാത്തിമ, നിമിഷ ജി***
***DEO: ഷീബ***